# ഭിന്നശേഷിസംവരണത്തിന്റെ പേരിൽ മറ്റുള്ളവർക്ക് തുല്യനീതി നിഷേധിക്കപ്പെടാൻ പാടില്ല

18-11-2018 ൽ ഇറങ്ങിയ ജി.ഒ (പി) നം. 18/2018 സ.തീ.വ ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് എയ്ഡഡ് സ്കൂളുകളിൽ നിയമനങ്ങൾ നടത്തുമ്പോൾ ആകെ ഒഴിവുകളുടെ 3% സംവരണം പാലിച്ച് 7.2.1996 മുതൽ 18.4.2017 വരെയുള്ള കുടിശ്ശിക നികത്താനും, 7.5.2019-ൽ ഇറങ്ങിയ മറ്റൊരു ഉത്തരവ് പ്രകാരം 19.4.2017 മുതൽ വരുന്ന മൊത്തം ഒഴിവുകളുടെ 4% സംവരണം പാലിക്കാനും നിർദ്ദേശിച്ചിരുന്നു. ഇതിനെതിരെ എൻ.എസ്.എസ്. കേരളാ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തെങ്കിലും അനുകൂലവിധി കിട്ടാതെ വന്ന സാഹചര്യത്തിൽ ഡിവിഷൻ ബഞ്ചിലും പിന്നീട് സുപ്രീംകോടതിയിലും ഇതു സംബന്ധിച്ച് അപ്പീലുകൾ സമർപ്പിച്ചു.

സുപ്രീംകോടതിവിധിയും അനുകൂലമാകാത്ത സാഹചര്യത്തിൽ ഭിന്നശേഷി സംവരണം നടപ്പാക്കാൻ എൻ.എസ്.എസ്. തയ്യാറാണ് എന്ന് കോടതിയെ ധരിപ്പിച്ചു. എന്നാൽ ഭിന്നശേഷിസംവരണം മുൻകാലപ്രാബല്യത്തിൽ നടപ്പാക്കുന്നതിലെ സാങ്കേതികമായ ബുദ്ധിമുട്ടുകൾ കോടതിയിൽ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ഗവൺമെന്റിനെ സമീപിക്കാൻ ഉത്തരവിട്ടുകൊണ്ട് സുപ്രീംകോടതി കേസ് തീർപ്പാക്കിയിട്ടുള്ളതാണ്.

സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് എൻ.എസ്.എസ്. നിവേദനം സമർപ്പിച്ചെങ്കിലും അതിന്മേൽ എന്തെങ്കിലും നടപടി എടുക്കാൻ കാലതാമസം ഉണ്ടായ സാഹചര്യത്തിൽ എൻ.എസ്.എസ്. വീണ്ടും ഹൈക്കോടതിയെ സമീപിച്ചു.

എൻ.എസ്.എസ്. ഉന്നയിച്ച കാര്യങ്ങൾ ഹൈക്കോടതിക്ക് ബോധ്യപ്പെടുകയും എൻ.എസ്.എസ്സിന്റെ വാദങ്ങൾ കേട്ടശേഷം പ്രസ്തുത നിവേദനത്തിൽ മൂന്നു മാസത്തിനുള്ളിൽ സർക്കാർ തീരുമാനം എടുക്കണമെന്ന് വിധിക്കുകയും ചെയ്തു. മേൽപരാമർശിച്ച വിധിയുടെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമവകുപ്പ് ഒരു ഹിയറിംഗ് നടത്തിയതല്ലാതെ നാളിതുവരെ ഇക്കാര്യത്തിൽ മറ്റൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

എന്നാൽ ഭിന്നശേഷിസംവരണവുമായി ബന്ധപ്പെട്ട മറ്റൊരു കേസിൽ 10.8.2022-ൽ ഒരു വിധി ഹൈക്കോടതിയിൽ നിന്നും ഉണ്ടായി. അതനുസരിച്ച് 18.11.2018-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം 7.2.1996 മുതൽ 18.4.2017 വരെയുള്ള ആകെ നിയമനങ്ങളുടെ 3%-വും 19.4.2017 മുതൽ നടന്ന നിയമനങ്ങളുടെ 4%-വും ഭിന്നശേഷിസംവരണം പാലിക്കേണ്ടതാണെന്നും; മേൽപ്പറഞ്ഞ ഭിന്നശേഷിസംവരണ വേക്കൻസികൾ (ബാക്ക് ലോഗ്) നിർണ്ണയിക്കുന്നതിന് രണ്ടു മാസം മാത്രം കാലയളവ് അനുവദിച്ചുകൊണ്ടും; 18.11.2018 നു ശേഷം നടത്തിയ നിയമനങ്ങളിൽ അംഗീകാരം ലഭിച്ചിട്ടില്ലയെങ്കിൽ മേൽപ്പറഞ്ഞ ഭിന്നശേഷിസംവരണം (ബാക്ക്ലോഗ്) പാലിച്ചു എന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ അംഗീകാരം നൽകാവൂ എന്നുമാണ് വിധിയുണ്ടായത്. ഇതിനകം അംഗീകാരം ലഭിച്ച നിയമനങ്ങളുടെ കാര്യത്തിൽ ഇടപെടൽ ഉണ്ടാകില്ല എന്നും ഈ വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഒരേ സമയം നിയമനങ്ങൾ ലഭിച്ചതിൽ ചിലർക്ക് അംഗീകാരം ലഭിക്കുകയും മറ്റ് ചിലർക്ക് നിഷേധിക്കപ്പെടുകയും ചെയ്യുന്ന സാഹചര്യമാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. മാത്രമല്ല അംഗീകാരം ലഭിച്ച ചിലരെക്കാൾ ഒന്നു രണ്ട് വർഷം മുൻപ് നിയമനം ലഭിച്ചിട്ടും ചില സാങ്കേതികകാരണങ്ങളാൽ നിയമനാംഗീകാരം ലഭിക്കാതെ വന്നവർക്ക് അവസരം നിഷേധിക്കപ്പെടുകയും ചെയ്യുന്നു.

18.11.2018 നു ശേഷം നടത്തിയ നിയമനങ്ങളിൽ അംഗീകാരം കിട്ടിയവർക്ക് സംരക്ഷണം ലഭിക്കുകയും മറ്റുള്ളവർക്ക് നീതിനിഷേധിക്കപ്പെടുകയും ചെയ്യുന്നത് തുല്യനീതിക്ക് നിരക്കുന്നതല്ല. ആയതിനാൽ ഇതിനെതിരെ അപ്പീൽ നല്കുവാൻ എൻ.എസ്.എസ്. തീരുമാനിച്ചിരിക്കുകയാണ്.